**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽ 46,505 ഭൂരഹിതരും 68,147 ഭവനരഹിതരും ഉണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂമിയും വീടുമില്ലാത്ത 7449 കുടുംബങ്ങളും ഭവനരഹിതരായ 7251 കുടുംബങ്ങളുമുണ്ട്. |
| (ബി) | ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്.<br><br>എല്ലാ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥലവും വീടും ലഭ്യമാക്കുന്ന പദ്ധതി ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും ഭൂമി ലഭ്യമാക്കി, ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശരേഖയും നൽകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും, 144 പേർക്ക് വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമ പ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖയും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | സ്ഥലവും വീടും എല്ലാവർക്കും എന്നത്തേക്ക് അനുവദിച്ച നൽകാൻ കഴിയുമെന്നാണ് | (സി) | അർഹരായി കണ്ടെത്തിയ എല്ലാ പട്ടികജാതി ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം |

| | | | |
|---|---|---|---|
| | പ്രതീക്ഷിക്കുന്നത്; വിശദീകരിക്കാമോ? | | **നൽകുന്നതിന് 15.11.2022-ലെ സ.ഉ(സാധാ)നം. 2806/2022/എൽ.എസ്.ജി.ഡി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയുന്നതാണ്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂമി ലഭ്യമാക്കുന്നതിനും തുടർന്ന് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികളും നടന്നുവരുന്നു.**<br><br>**എല്ലാ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥലവും വീടും ലഭ്യമാക്കുന്ന പദ്ധതി പരമാവധി വേഗത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ